(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള പോലീസിന് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിനും തടയുന്നതിനും നിയന്ത്രിക്കുന്നതിനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പബ്ലിക്-പ്രൈവറ്റ് പാർട്ട്നർഷിപ്പ് മോഡലിൽ കേരള പോലീസ് ആരംഭിക്കുന്ന ടെക്നോളജി ആന്റ് ഡെവലപ്മെന്റ് സെന്റർ ആണ് സൈബർ ഡോം. ഇത് സൈബർ സുരക്ഷയ്ക്കും ഗവേഷണത്തിനും നവീകരണത്തിനുമായുള്ള രാജ്യത്തെ പ്രഥമവും നൂതനവുമായ കേന്ദ്രമായിരിക്കും. പോലീസിലെ സൈബർ കുറ്റാന്വേഷണത്തിലും സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായിരിക്കും 'സൈബർ ഡോം'. ഇന്റർനെറ്റ് നിരീക്ഷിക്കുന്നതിന് മാത്രമായി ഒരു യൂണിറ്റ് ടി കേന്ദ്രത്തിൽ ഉണ്ടാകും. ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകി പ്രസ്തുത സംഘം ഇന്റർനെറ്റ് നിരീക്ഷിക്കും. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായി ടി കേന്ദ്രം പ്രവർത്തിക്കും. വിവിധ ജില്ലകളിലെ സൈബർ പോലീസ് സ്റ്റേഷനും സൈബർ സെല്ലുമായി ചേർന്ന് ഇത് പ്രവർത്തിക്കും.

(സി) സൈബർ ഡോം പ്രവർത്തനം ആരംഭിക്കുന്നതിന് 22.08.2014-ലെ സ.ഉ (എംഎസ്.)167/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ നവീകരണം

176 (1919) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പോലീസ് വകുപ്പിന്റെ നവീകരണത്തിനുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽ ചെലവഴിച്ച തുകയുടെയും ഐറ്റത്തിന്റെയും വിവരം അനുബന്ധം (എ)* ആയും കേന്ദ്ര ഫണ്ട് മുഖേന ലഭിച്ച തുകയുടെയും ചെലവിന്റെയും വിവരം അനുബന്ധം (ബി)* ആയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ വിഹിതമായി ലഭിച്ച തുകയുടെ വിവരം അനുബന്ധം (സി)* ആയും ചേർത്തിരിക്കുന്നു.

അത്തൂർ മണ്ഡലത്തിലെ പെരുമ്പയത്ത് പോലീസ് എയ്ഡ് പോസ്റ്റ്

177 (1920) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്തൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പയത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

അത്തൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പയത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന കാര്യം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പോലീസ് സ്റ്റേഷനുകളിൽ നടത്തി വരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

ഗുണ്ടാ ആക്രമണങ്ങൾ

178 (1921) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഗുണ്ടാ ആക്രമണങ്ങൾ എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; പൊതുപ്രവർത്തകർ, സ്ത്രീകൾ, എസ്.സി., എസ്.റ്റി, എന്നിവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.